വിഷയം : ഒറ്റമരത്തിലെ പക്ഷി...

# ഉദ്രലിഖിതം...

"ലാഗൊ, നിങ്ങളൊരു ക്രൂരനാണ്.... മറ്റൊരു ഹിറ്റ്ലർ!"

"ഒരു പുരുഷന് നേരെ ശബ്ദമുയർത്താനുള്ള ധൈര്യം നിനക്കായോ എമിലിയ?!"

"സാഹചര്യങ്ങൾ എന്നെ അങ്ങനെയാക്കി മാറ്റി ലാഗൊ... നിങ്ങളുടെ ഇരയായി ജീവിക്കാൻ എനിക്കിനി കഴിയില്ല..."

"ഇവിടെ നിന്നും ഇറങ്ങിപ്പോയിട്ട്, സമൂഹത്തിൽ നിനക്കെന്ത് വിലയാണുണ്ടാവുക?"

"എനിക്കും സമൂഹത്തിൽ നിങ്ങളുടെ വർഗ്ഗത്തെപോലെ തുല്യസ്ഥാനം തന്നെയാണ് ലഭിക്കേണ്ടത്.... ഞാനിനി ജീവിക്കും; ഒരു സ്ത്രീയായി... എമിലിയയായി ജീവിക്കും!"

-തിരശ്ശീല വീണു. കൈയ്യടികൾ ഉയർന്നു. ഒഥല്ലോയിലെ ലാഗൊയും എമിലിയയും അരങ്ങൊഴിഞ്ഞു. നല്ലതും അല്ലാത്തതുമായ അഭിപ്രായങ്ങൾ തമ്മിൽ പിറുപിറുത്തു -

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കൊണ്ട് കാണികൾ നാടകഹാളിൽ നിന്നും പുറത്തിറങ്ങി. സാറ വേദിയിൽനിന്നും കണ്ണെടുക്കാതെ ഇരുന്നു. അവളുടെ മനസ്സ് വേദിയുടെ പിന്നാമ്പുറകാഴ്ചകളിലേക്ക് ചെന്നെത്തി.

ലാഗോവിന് വേതനം കൂടുതൽ നൽകുന്നതിൽ നാടകനേതാവിനോട് എമിലിയ ദേഷ്യം പ്രകടിപ്പിക്കുന്നു. മനസ്സ് കണ്ണുകൾക്കൊപ്പം സഞ്ചരിച്ചു... അതാ! എമിലിയ ഇറങ്ങിപോകുന്നു! പോകട്ടെ, വിലയില്ലാത്ത ഇടങ്ങളിൽ നിന്നെല്ലാം അവൾ ഇറങ്ങിപോകട്ടെ...

ഒരു ശബ്ദവും കേൾക്കരുതെന്ന് ആഗ്രഹിച്ചിരിക്കുമ്പോഴാണ് സാറയുടെ ഫോൺ ശബ്ദിച്ചത്. എന്തിനാണ് തന്നെ മുതലാളി ഇടയ്ക്കിടെ വിളിക്കുന്നത്? അറിയില്ല! സാറ ഫോൺ 'ഡിക്ലൈൻ' ചെയ്ത് തളരുന്ന ചുവടുകളോടെ ചവിട്ടുപടികളിറങ്ങി... പുറത്ത് അഞ്ചുദിവസം കഴിഞ്ഞാൽ നടക്കുന്ന നാടകത്തിന്റെ പോസ്റ്റർ സാറ ശ്രദ്ധിച്ചു. അതിന്റെ പേര് അവൾ വായിച്ചെടുക്കുന്നുണ്ടായിരുന്നു: '**ഉദരലിഖിതം**'...

കാതുകൾക്ക് നിശബ്ദത എന്തെന്ന് മറക്കുന്ന നിമിഷങ്ങൾ. ഈ നഗരത്തിലെ വഴികളിലൂടെ നടക്കാൻ തുടങ്ങിയിട്ട് അഞ്ച് വർഷമായി. ഒരുവിധത്തിൽ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ഇവിടെ എത്തിപ്പെട്ടത് നന്നായി. നാട്ടിലെ സാഹചര്യങ്ങളുടെ പരിണിതഫലമായിരുന്നു തന്റെ ഈ കൂടുമാറ്റത്തിന് കാരണം. കുടുംബപ്രശ്നങ്ങൾ, പാതിവഴിയിൽ നിർത്തിയ പഠനം - ഇതൊന്നും ഇപ്പോൾ അലട്ടുന്നില്ല എന്ന ആശ്വാസം സാറയ്ക്കുണ്ട്. എന്നാൽ, മറുവശത്ത് ഇപ്പോഴത്തെ ജോലിയുടെ അമിതഭാരവും, ചിന്തകളുടെ തിരക്കിനിടയിലൂടെ തണിക്കും മുന്നിലൂടെ ഒരു സ്ത്രീ നടന്നുകയറി. അവരുടെ തോളിൽ ചാഞ്ഞുകിടക്കുന്ന കുഞ്ഞിനെ സാറ നോക്കി: മുന്നോട്ട് നടക്കുന്ന അമ്മയുടെ തോളിൽ പിന്നോട്ട് കിടക്കുന്ന ആ കുഞ്ഞ് കാഴ്ചയുടെ വിപരീതതലങ്ങൾ ഗ്രഹിക്കുന്നുണ്ടായിരുന്നു. തന്റെ കുഞ്ഞിന് കുഴപ്പമൊന്നുമില്ലെന്ന് ആ അമ്മ ഇടയ്ക്കിടെ ഉറപ്പുവരുത്തുന്നുണ്ട്.

അമ്മ! - എത്ര മാധുര്യമുള്ള വാക്ക്...

നഗരത്തിന്റെ അറ്റത്തെ സ്ട്രീറ്റിലേക്ക് സാറ പ്രവേശിച്ചു. വില്പനയ്ക്കുവെച്ച ശരീരങ്ങൾക്കിടയിലൂടെ, അവ വാങ്ങാനെത്തുന്ന ആളുകൾക്കിടയിലൂടെ അവൾ നടന്നു. കഴിഞ്ഞ ആഴ്ച തന്റെ ഉടലിന് പണം നൽകിയവൻ ഇന്ന് അപ്പുറത്തെ മുറിയിലേക്ക് കയറിച്ചെല്ലുന്നു...

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

പല യാതനകളുടെ രാത്രികൾ സാറയുടെ കണ്ണുകൾക്ക് മുന്നിലൂടെ ഉഴറിനടന്നു. എനിക്കു നേരെ പണം നീട്ടുന്നവരുടെ മുന്നിൽ നഗ്നയായി നിൽക്കുമ്പോൾ, കണ്ണിൽ ഉരുണ്ടുകൂടിയ കണ്ണീർ എന്റെ ഉദരത്തിൽ ഇറ്റുവീഴാറുണ്ട്....

ഉദരം - അന്യന്റെ ബീജത്തിനനുസരിച്ച് വളരുന്ന ഒന്ന്!

മേശപ്പുറത്തിരിക്കുന്ന ഫിൽട്ടർ വെള്ളം ശേഖരിച്ചുവെച്ച പാത്രത്തിൽ ഒരു കൂട്ടം ഉറുമ്പുകൾ ചാടി ആത്മഹത്യ ചെയ്തിരിക്കുന്നു. ഈ കൂട്ടമരണത്തിന് പിന്നിൽ ലിംഗവിവേചനമോ, ജാതീയ വേർതിരിവോ, വർഗ്ഗവിവേചനമോ ആവാം... മരിച്ചിരിക്കുന്നതിൽ കൂടുതലും സ്ത്രീ ഉറുമ്പുകളാണെന്ന് സാറ കണ്ടെത്തി!...

ഇതിൽനിന്നെല്ലാം മനസ്സിനെ വ്യതിചലിപ്പിച്ച് സാറ, തന്റെ ഡയറിയെടുത്ത് പുതിയ ഒരു അദ്ധ്യായം എഴുതാൻ സജ്ജമായി. അതൊരു കത്തായിരുന്നു... തന്റെ അമ്മയ്ക്കുള്ള കത്ത്; എങ്ങോട്ടും അയക്കാനായി അല്ലാത്തൊരു കത്ത്. ഈ പണിത്തിരക്കിനിടയിൽ കത്തുകളധികം എഴുതാറില്ലെങ്കിലും, ദിവസവും തന്റെ ഡയറിയിൽ സാറ തന്റെ ചിന്തകൾ കോറിയിടാറുണ്ട്...

അമ്മയ്ക്ക് കത്ത് എപ്പോഴും അയക്കാറില്ലെങ്കിലും, എല്ലാ മാസവും പണമയച്ചുകൊടുക്കാറുണ്ട്... അതുപോലുമില്ലെങ്കിൽ നഗരത്തിലെ വലിയ കമ്പനിയിൽ ജോലി ചെയ്യുന്ന തനിക്ക്, പണത്തിനെന്ത് കുറവാണുള്ളത് എന്ന അമ്മയുടെ ചോദ്യത്തിന് താൻ എന്ത് ഉത്തരം പറയും?

സാറയുടെ മനസ്സിൽ ചിന്തകളും വാക്കുകളും ഇളകിമറിയുകയാണ്. മുന്നിലെ ഡയറിയുടെ ഒഴിഞ്ഞു കിടക്കുന്ന പേജിലേക്ക് സാറ പേനയടുപ്പിച്ചു:

"പ്രിയപ്പെട്ട അമ്മയ്ക്ക്,

**ഒറ്റമരത്തിലെ പക്ഷിയെക്കുറിച്ച്** അമ്മ കേട്ടിട്ടുണ്ടോ? കണ്ടിട്ടുണ്ടോ? അത് ഞാൻ തന്നെയാണെന്ന് എനിക്കിപ്പോൾ തോന്നുന്നു... ഇതൊക്കെ അമ്മയോട് പറഞ്ഞിട്ടെന്ത് കാര്യമല്ലേ? എല്ലാ മാസവും അയക്കുന്ന പണം ശരിയായി കിട്ടുന്നുണ്ടോ? ഇനി മുതൽ കൂടുതൽ പണമയക്കാം, കാരണം എനിക്ക് ജോലിയിൽ പ്രമോഷൻ ലഭിച്ചു... അമ്മയ്ക്ക് അർത്ഥം അറിയില്ലെങ്കിൽ പോലും ഞാൻ പറയാം; **സറോഗസി** ഡിപ്പാർട്ട്മെന്റിലാണ് ഇനിയുള്ള ജോലി!..."

-ഇത് വായിക്കുമ്പോൾ അമ്മയുടെ വിടരുന്ന കണ്ണുകൾ സാറ മനസ്സിൽ കണ്ടു. പക്ഷെ, ഇത് അയക്കാനായി അല്ലാത്ത കത്താണെന്ന് ഓർമ്മ വന്നപ്പോഴാണ് കതകിൽ ആരോ ആഞ്ഞൊന്ന് മുട്ടുന്ന ശബ്ദം കേട്ടത്. വാതിൽ തുറന്നപ്പോൾ ഒരു മധ്യവയസ്കൻ നിൽക്കുന്നു.

"ആരാണ്?"

"നിങ്ങളുടെ മുതലാളി പറഞ്ഞിട്ട് വന്നതാണ്..."

- മുറുക്കിചവയ്ക്കുന്ന പല്ലുകൾ കണ്ട് സാറയ്ക്ക് തികട്ടിവന്നു... ഒന്നും മിണ്ടാതെ നിൽക്കുന്ന സാറയുടെ അടുത്തേക്ക് കൂടുതൽ ചേർന്നുനിന്നുകൊണ്ട് അയാൾ ചോദിച്ചു:

"ഒരു മണിക്കൂറിന് ആയിരത്തിയഞ്ഞൂറ് രൂപ എന്നാണ് മുതലാളി പറഞ്ഞത്. അതിനുള്ള ശരീരം ഉണ്ടോടി പെണ്ണേ നിനക്ക്?"

"എനിക്ക് താത്പര്യമില്ല! ഞാൻ ഈ ജോലി നിർത്തി..."

"നിനക്ക് വേറെ എന്ത് നല്ല ജോലി കിട്ടാനാ?!"

- എന്നിലെ എമിലിയ ഉണർന്നു. മുന്നിൽ നിൽക്കുന്ന ലാഗോവിനെ മലർത്തിയിടിച്ച് നെഞ്ചുകീറി ചോരകുടിച്ച് അട്ടഹസിക്കുന്ന എമിലിയ. ആ അട്ടഹാസത്തോടെ സാറ കതക് അടച്ചു...

ഒരു കാര്യത്തിൽ മാത്രം സാറയ്ക്ക് എമിലിയയെ ഇഷ്ടമല്ല. എമിലിയ ഇതുവരെ ഒരു അമ്മയായിട്ടില്ല... ഒരു സ്ത്രീയായാൽ അമ്മയാവണം: സാറ ഡയറിയിൽ തുടർന്നെഴുതി:

'സാറ, നീ ഒരു അമ്മയാവാൻ പോകുന്നു!'

കൂടുതൽ പണം സമ്പാദിക്കാം എന്ന സന്തോഷവും, അതിലേറെ ഒരമ്മയാവാൻ കഴിയുന്നതിലുള്ള സംതൃപ്തിയും സാറയ്ക്കുണ്ട്.

സാറ എമിലിയയെ അഹങ്കാരത്തോടെ നോക്കി. സാറയെ അസൂയയോടെ നോക്കിക്കൊണ്ട് എമിലിയ പറഞ്ഞു:

"സാറ, നീ ഒരു കുഞ്ഞിന് ജന്മം നൽകും. പക്ഷെ, അതൊരിക്കലും നിന്റേതല്ല!" - തികച്ചും നാടകീയത നിറഞ്ഞ എമിലിയയുടെ സ്വരം.

"അന്യപുരുഷന്റെ ബീജം കൊണ്ട് എന്റെ ഉദരം വളരുന്നതിൽ എനിക്ക് കുഴപ്പമില്ല. അവർക്ക് മുന്നിൽ വിലയില്ലാതെ ശരീരവില്പനക്കാരിയായി വലിച്ചിഴക്കപ്പെടുന്നതിനേക്കാൾ ഭേദമാണ് ഇത്. എന്റെ ഉദരത്തിൽ വളരുന്ന കുഞ്ഞ് എനിക്കവകാശപ്പെട്ടതല്ലെങ്കിലും, ആ കുഞ്ഞ് നന്നായി വളരണമെന്ന് മാത്രമെ ആശ എനിക്കുള്ളൂ..."

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

സാറ എഴുതുന്നതിനിടയ്ക്ക് ജനലിലൂടെ
പുറത്തേക്ക് നോക്കി... അവിടെ ഒറ്റമരത്തിൽ ഒരു
പക്ഷി ചിലയ്ക്കുന്നുണ്ട്... പലപ്പോഴും സാറ
ഒറ്റപ്പെട്ടിട്ടുണ്ട്, മരമായി വളരാൻ കൊതിച്ചിട്ടുണ്ട്,
പക്ഷിയായി സ്വതന്ത്ര്യമായി പറക്കാൻ ആഗ്രഹിച്ചിട്ടുണ്ട്...
ആഗ്രഹം!

പണ്ട് ക്ലാസ്സിൽ ടീച്ചർ വലുതായാൽ എന്താവാനാണ്
ആഗ്രഹം എന്ന് ചോദിച്ചു. സാറ പറഞ്ഞു: "എനിക്ക്
ഒരു അമ്മയാവണം!"... ക്ലാസ്സിലെ എല്ലാവരും
പൊട്ടിചിരിച്ചു. ആ ചിരിമുഴക്കത്തിന്റെ ഓർമ്മയ്ക്കിടയിൽ
സാറ ഡയറിയിൽ എഴുതിച്ചേർത്തു:

"ഉദ്‌രലിഖിതം
കസ്റ്റമർ വൺ: ______!"